കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ് X - പ്രാന്തർകാവ്-പാലച്ചാൽ റോഡ് - കോടതി വിധി നടപ്പാക്കുന്നത് സംബന്ധിച്ച് - സെക്യൂരിറ്റി തുക ബ്ലോക്ക് പഞ്ചായത്തിന്റെ BPFAI അക്കൗണ്ടിൽ നിന്നും നൽകിയത് - സാധൂകരണം നൽകി ഉത്തരവ്പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം.2820/13/തസ്വഭവ തിരുവനന്തപുരം, തീയതി, 16.11.2013

=====================================================================

പരാമർശം:
1. സ.ഉ.(കൈ)നം.56/05/തസ്വഭവ തീയതി 01.03.2005.
2. 28.11.2012 ലെ WP(C) 2997/12 കേസിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധി.
3. 10.09.2013 ലെ ഗ്രാമവികസന കമ്മീഷണറുടെ 6495/ആർ.&ഐ.6/09/സി.ആർ.ഡി നമ്പർ കത്ത്.
4. 22.08.2013 ലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സി.827/02 നമ്പർ കത്ത്.

## ഉത്തരവ്

നബാർഡ് ആർ.ഐ.ഡി.എഫ്. X ൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിലെ പ്രാന്തർകാവ്-പാലച്ചാൽ റോഡ് പ്രവൃത്തിക്ക് 66.75 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകിയിരുന്നു. കരാറുകാരൻ ടി പ്രവൃത്തി പൂർത്തീകരിക്കുകയും ഫൈനൽ ബിൽ തുകയായ 47,81,312/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഫൈനൽ ബിൽ തുക നൽകാൻ ഫണ്ട് ലഭ്യമല്ലാതിരുന്നതുകൊണ്ട് കരാറുകാരൻ എഗ്രിമെന്റ് വച്ചപ്പോൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിക്ഷേപിച്ച പെർഫോമൻസ് ഗ്യാരണ്ടി സെക്യൂരിറ്റി തുക കൂടി ഉപയോഗിച്ചാണ് ബിൽതുക കരാറുകാരന് നൽകിയത്. നബാർഡിൽ നിന്നും റീ ഇംബേഴ്സ്മെന്റായി ലഭിക്കേണ്ട തുകയും (3.206 ലക്ഷം രൂപ) ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകാമെന്ന് പനത്തടി ഗ്രാമ പഞ്ചായത്ത് സമ്മതിച്ചിരുന്ന 5 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ലാതിരുന്നതിനാൽ സെക്യൂരിറ്റി തുകയിനത്തിൽ കരാറുകാരന് തിരികെ നൽകേണ്ടിയിരുന്ന 6,27,325/- രൂപ

നൽകാൻ സാധിച്ചിരുന്നില്ല. ഈ തുക തിരികെ ലഭിക്കുന്നതിനായി കരാറുകാരൻ പരാമർശം (2) പ്രകാരം WP(C) 2997/12 ആയി കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 28.11.2012 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം 6 ആഴ്ചക്കുള്ളിൽ കരാറുകാരന് സെക്യൂരിറ്റി തുക നൽകേണ്ടതാണെന്ന് വിധിക്കുകയുമുണ്ടായി. കോടതി വിധിയുടെ അടിസ്ഥാനത്തിൽ 6,27,325/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റായ BPFAI അക്കൗണ്ടിൽ നിന്നും കരാറുകാരന് നൽകിയതായി പരാമർശം (4) പ്രകാരം കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായ 5 ലക്ഷം രൂപ ലഭിക്കുമ്പോൾ അത് BPFAI അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കുവാനും ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കോടതി വിധിയുടെ അടിസ്ഥാനത്തിൽ 6,27,325/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റായ BPFAI അക്കൗണ്ടിൽ നിന്നും സെക്യൂരിറ്റി തുകയായി കരാറുകാരന് നൽകിയ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പ്രവൃത്തി സാധൂകരിച്ചുകൊണ്ട് ഉത്തരവാകുന്നു. ഈ തുക ഗ്രാമപഞ്ചായത്ത് വിഹിതവും നബാർഡ് വിഹിതവും ലഭിക്കുമ്പോൾ തിരികെ നിക്ഷേപിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

അനിത ദാമോദരൻ,
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ